# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**

പി.ആർ.ഒ./39/208/2018 2018 ഒക്ടോബർ 3

## വാർത്താക്കുറിപ്പ്

---

**അപേക്ഷാ തീയതി നീട്ടി**

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് സൗജന്യമായി നടത്തുന്ന ഡിസാസ്റ്റർ മാനേജ്‌മെന്റ് ലോ എന്ന ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്‌സിന് ഒക്ടോബർ എട്ടുവരെ അപേക്ഷിക്കാം. പ്ലസ്ടു / തത്തുല്യമാണ് യോഗ്യത. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം പത്താംക്ലാസ് മുതലുള്ള സർട്ടിഫിക്കറ്റുകളുടെയും തിരിച്ചറിയൽ രേഖകളുടെയും പകർപ്പ് സഹിതം വകുപ്പദ്ധ്യക്ഷൻ, സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്, നട്ടാശ്ശേരി, എസ്.എച്ച്. മൗണ്ട് പി.ഒ., കോട്ടയം എന്ന വിലാസത്തിൽ അപേക്ഷിക്കണം. ഫോൺ: 0481 - 2310165.

**പ്രാക്ടിക്കൽ**

രണ്ടാം സെമസ്റ്റർ എം.എസ്‌സി. ഫിസിക്‌സ് (മെറ്റീരിയൽ സയൻസ്) ജൂലൈ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 16, 17 തീയതികളിൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നടക്കും.

2018 ജൂണിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എസ്‌സി. ഇലക്‌ട്രോണിക്‌സ്, കമ്പ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക്‌ട്രോണിക്‌സ് സി.ബി.സി.എസ്. റഗുലർ ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ എട്ട്, ഒൻപത് തീയതികളിൽ അതത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

**വൈവാവോസി**

ഒന്നു മുതൽ ആറു വരെ സെമസ്റ്റർ എം.സി.എ. ഓഫ് കാമ്പസ് (2007ന് മുമ്പുള്ള അഡ്മിഷൻ മേഴ്‌സി ചാൻസ്, 2007-2010 അഡ്മിഷൻ മേഴ്‌സി ചാൻസ്, 2011 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) മെയ് 2018 പരീക്ഷയുടെ ലാബ്/സെമിനാർ/പ്രോജക്ട് ആന്റ് മിനി പ്രോജക്ട് മൂല്യനിർണയം/വൈവാവോസി പരീക്ഷകൾ ഇടപ്പള്ളി സീപാസിൽ (സ്‌കൂൾ ഓഫ് ടെക്‌നോളജി ആന്റ് അപ്ലൈഡ് സയൻസസ് - സ്റ്റാസ്) ഒക്ടോബർ ഒൻപതു മുതൽ 12 വരെ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും. ഫോൺ: 0484 - 2334601.

**സംവരണ സീറ്റൊഴിവ്**

സ്‌കൂൾ ഓഫ് ബയോസയൻസസ് ഡിപ്പാർട്ട്‌മെന്റിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് എസ്.സി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. ബയോ കെമിസ്ട്രിയിൽ രണ്ടും ബയോഫിസിക്‌സ്, ബയോടെക്‌നോളജി എന്നിവയിൽ ഓരോ സീറ്റും വീതമാണ് ഒഴിവുള്ളത്. വിദ്യാർഥികൾ യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി നാളെ (ഒക്ടോബർ 5) രാവിലെ 10ന് സ്‌കൂൾ ഓഫ് ബയോസയൻസസിൽ ഹാജരാകണം. ഫോൺ: 0481- 2731035.

**പരീക്ഷാഫലം**

2017 ഡിസംബറിൽ നടത്തിയ ഒന്നാം വർഷ ബി.എസ്.സി. നഴ്‌സിംഗ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 15 വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ്.എസ്. (മോഡൽ I, II, III - 2013ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 16 വരെ അപേക്ഷിക്കാം.

2018 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. സിറിയക് (പി.ജി. സി.എസ്.എസ്. - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 16 വരെ അപേക്ഷിക്കാം.

**റാഗിങ് വിരുദ്ധ കമ്മിറ്റി രൂപീകരിച്ചു**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ റാഗിങ് വിരുദ്ധ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായി. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, ഡിവൈ.എസ്.പി. വിനോദ് പിള്ള, തഹസിൽദാർ ബി. അശോക്, മാധ്യമപ്രവർത്തകരായ എസ്. മനോജ്, ആർ. കൃഷ്ണരാജ്, അധ്യാപകരായ ഡോ. സി.ടി. അരവിന്ദകുമാർ, ഡോ. സുരേഷ് മാത്യു, സർക്കാരിതര സംഘടനയിൽ നിന്നുള്ള പി.യു. തോമസ്, രക്ഷകർതൃപ്രതിനിധികളായ അഡ്വ. ഡി. തിലകൻ, ജോസ് ജെ. മാളിയേക്കൽ, വിദ്യാർത്ഥികളായ വൈശാഖ് ഷാജി, എ.കെ. കീർത്തി, ഡെപ്യൂട്ടി രജിസ്ട്രാർ രമേശ് രാഘവൻ എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ. 1956ലെ യു.ജി.സി. നിയമമനുസരിച്ചാണ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്.

**നാനോടെക്നോളജി ഗവേഷണ രംഗത്ത് എം.ജി.**

**സ്വിൻബേൺ സർവകലാശാലയുമായി കൈകോർക്കുന്നു**

നാനോടെക്നോളജി സാങ്കേതികത ഉപയോഗപ്പെടുത്തി കാര്യക്ഷമതയാർന്ന പോളിമർ മിശ്രിതങ്ങളും ഉൽപ്പന്നങ്ങളും വികസിപ്പിക്കാനുള്ള പഠനഗവേഷണത്തിന് ഓസ്ട്രേലിയയിലെ സ്വിൻബേൺ സർവകലാശാലയുമായി സഹകരിക്കാനൊരുങ്ങി മഹാത്മാ ഗാന്ധി സർവകലാശാല.

നാനോ ടെക്നോളജി സാങ്കേതികത ഉപയോഗപ്പെടുത്തി മൃദുലവും ദൃഢവുമായ പോളിമർ മിശ്രിതങ്ങളും ഉല്പന്നങ്ങളും വികസിപ്പിക്കാൻ സഹായമേകുന്നതാണ് ഗവേഷണ സഹകരണ പദ്ധതി. ഇലക്ട്രോണിക്സ്, റബ്ബർ ടെക്നോളജി, ബയോമെഡിക്കൽ, ഫുഡ് പാക്കേജിംഗ് മേഖലകളിൽ നൂതന പഠനഗവേഷണങ്ങൾക്കും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും ഗവേഷണ സഹകരണം വഴിയൊരുക്കുമെന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസും എം.ജി.യിലെ നാനോ ഗവേഷണ കേന്ദ്രം മേധാവി ഡോ. നന്ദകുമാർ കളരിക്കലും പറഞ്ഞു.

സ്വിൻബേൺ സർവകലാശാലയിലെ 'ഫാക്ടറി ഓഫ് ദി ഫ്യൂച്ചർ' എന്ന ഉന്നത ഗവേഷണപദ്ധതിയിൽ അംഗമായ ഡോ. നിഷാർ ഹമീദിന്റെ സന്ദർശനത്തോടെയാണ് സഹകരണ നടപടികൾക്ക് തുടക്കമായത്. എം.ജി.യിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് സ്വിൻബേൺ സർവകലാശാലയിലേക്ക് ക്രെഡിറ്റ് മാറ്റി പഠനം നടത്താനും സംയുക്ത രാജ്യാന്തര കോൺഫറൻസുകളും ശില്പശാലകളും സംഘടിപ്പിക്കാനും കഴിയും. സർവകലാശാലകൾ തമ്മിലുള്ള സഹകരണ ഉടമ്പടിക്കുള്ള നടപടി ആരംഭിച്ചു.

**ഡോ. വി.സി. ഹാരിസ് വൈജ്ഞാനിക സദസ്;**

**പ്രൊഫ. ജൊനാഥൻ ഡോളിമോറിന്റെ പ്രഭാഷണം ഇന്ന്**

ഡോ. വി.സി. ഹാരിസിന്റെ സ്മരണാർത്ഥം സംഘടിപ്പിക്കുന്ന വൈജ്ഞാനിക സദസും പ്രഭാഷണ പരമ്പരയും സർവകലാശാല ആസ്ഥാനത്തെ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ ഇന്ന് (ഒക്ടോബർ 4) ആരംഭിക്കും.

രാവിലെ 11ന് 'തൃഷ്ണയും മരണവും' എന്ന വിഷയത്തിൽ നവോത്ഥാന സാഹിത്യത്തിലെ പ്രമുഖ സാമൂഹിക സൈദ്ധാന്തികനും നവചരിത്രവാദത്തിന്റെ വക്താവും ഷേക്സ്പിയർ പഠനങ്ങളിലെ അദ്വതീയനുമായ പ്രൊഫ. ജൊനാഥൻ ഡോളിമോർ പ്രഭാഷണം നടത്തും. ഉച്ചകഴിഞ്ഞ് രണ്ടിന് നടക്കുന്ന പാനൽ ചർച്ചയിൽ ഡോ. പി.പി. രവീന്ദ്രൻ അധ്യക്ഷത വഹിക്കും. വൈകിട്ട് ആറിന് സ്കൂൾ ഓഫ് ലെറ്റേഴ്സിലെ വിദ്യാർഥികൾ അവതരിപ്പിക്കുന്ന 'പുലിജന്മം' നാടകം അരങ്ങേറും.

നാളെ (ഒക്ടോബർ 5) രാവിലെ 11ന് നടക്കുന്ന ഓപ്പൺ ഫോറത്തിൽ പ്രൊഫ. ജൊനാഥൻ ഡോളിമോർ സംവദിക്കും. ഉച്ചകഴിഞ്ഞ് രണ്ടിന് നടക്കുന്ന പാനൽ ചർച്ചയിൽ പ്രൊഫ. റ്റി.എം. യേശുദാസൻ അധ്യക്ഷത വഹിക്കും. 3.30ന് ആലുവ യു.സി. കോളജിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അവതരിപ്പിക്കുന്ന നാടകം. മഹാത്മാ ഗാന്ധി സർവകലാശാലയും സ്കൂൾ ഓഫ് ലെറ്റേഴ്സും ചേർന്ന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ